പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 362 07-01-2014-ൽ മറുപടിക്ക്

## ഗാർഹിക വൈദ്യുത നിരക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ .എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി ബോർഡ് ഗാർഹിക വൈദ്യുതി നിരക്ക് എത്ര തവണ വർദ്ധിപ്പിച്ചു ; വർദ്ധിപ്പിച്ച തീയതിയും, നിരക്കും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (എ) | . സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ രണ്ടു പ്രാവശ്യം അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും, 2013 മെയ് ഒന്നാം തീയതി മുതലും വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി കൊടുത്തിരിക്കുന്നു. യൂണിറ്റിന്റെ ചാർജ്ജ് വർദ്ധനവിന് പുറമേ, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.<br><br>എന്നാൽ നിലവിൽ ഉപഭോക്താക്കളിൽ നിന്നും ഇന്ധന സർചാർജ്ജ് ഈടാക്കുന്നില്ല. |

സംസ്ഥാനത്ത് നടപ്പാക്കിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ

| കാലയളവ് | നിരക്കുകൾ |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | മാസം 120 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും — യൂണിറ്റിന് 25 പൈസ നിരക്കിൽ |
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും — യൂണിറ്റിന് 20 പൈസ നിരക്കിൽ |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും — യൂണിറ്റിന് 20 പൈസാ നിരക്കിൽ |
| 2013 ജനുവരി മുതൽ 2013 മാർച്ച് വരെ | എല്ലാവിധഉപഭോക്താക്കൾക്കും — യൂണിറ്റിന് — 10 പൈസാ നിരക്കിൽ |

ഇതിനു പുറമേ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന

ഓരോ യൂണിറ്റിനും 10/- രൂപ നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുവാനും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അനുവാദം നൽകിയിരുന്നു. എന്നാൽ 2012 ജൂൺ ഒന്നാം തീയതി മുതൽ ഇതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 2012 ഡിസംബർ 15 – ാം തീയതി മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് ഉപഭോക്താക്കളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുകയും പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഒരോ യൂണിറ്റ് വൈദ്യുതിയ്ക്കും അതാതു വിഭാഗത്തിനുള്ള എനർജി ചാർജ്ജ് നിലവിലെ നിരക്കിനു പുറമെ പെനാൽറ്റി ആയി ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവാദം നൽകിയിരുന്നു. പ്രസ്തുത നിയന്ത്രണം 2013 ജൂൺ ഒന്നാം തീയതി മുതൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) യൂണിറ്റിന്റെ വിലയ്ക്കുപുറമേ മറ്റെന്തൊക്കെ ചാർജ്ജുകളാണ് ഗാർഹിക വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും കെ. എസ്. ഇ.ബി ഈടാക്കുന്നത്;

(ബി) യൂണിറ്റ് ചാർജ്ജിന് പുറമെ ഫിക്സഡ് ചാർജ്ജും, മീറ്റർ വാടകയും, ഗവൺമെന്റിലേയ്ക്ക് അടയ്ക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയും വാങ്ങുന്നുണ്ട്

(സി) ഇതിൽ ഈ സർക്കാർ ഏർപ്പെടുത്തിയചാർജ്ജ് ഏതാണെന്ന് വ്യക്തമാക്കുമോ ?

(സി) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി താരിഫ് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണാധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ചാർജ്ജ് നിശ്ചയിക്കുന്നതിന് സർക്കാരിന് അധികാരമില്ല

സെക്ഷൻ ഓഫീസർ